# HUMILIATION OF A PHARMICIST WHO HUMILIATED THE RECIPIENT OF DIVINE REVELATIONS

*I SHALL HUMILIATE HIM WHO DESIGNS TO HUMILIATE THEE*

*(Divine Revelation received on 09 April 2002 & many times also)*

# ഫാർമസിസ്റ്റിന് അപമാനം

**ദൈവീക വെളിപാടുകൾ ലഭിച്ചവനെ അപമാനിച്ച ഫാർമസിസ്റ്റിന് അപമാനം**

**"നിന്നെ അപമാനിക്കുവാൻ പദ്ധതിതയ്യാറാക്കുന്നവനെ ഞാൻ അപമാനിക്കും"** (2002 ഏപ്രിൽ 09 ന് ലഭിച്ച ദൈവീക വെളിപാട്, മറ്റു പല സന്ദർഭങ്ങളിലും ഇത് ആവർത്തിച്ചിട്ടുണ്ട്)

തങ്ങളുടെ മക്കളെ വിദേശത്തു വിട്ട് പഠിപ്പിക്കുന്നതിന് മാതാപിതാക്കൾ വളരെയധികം ത്യാഗങ്ങൾ സഹിക്കുന്നുണ്ട്. ഈ രീതിയിൽ, തന്റെ പാവപ്പെട്ട മാതാപിതാക്കളുടെ ത്യാഗത്തിലൂടെ, ഒരു അഹ്മദി ഫാർമസിസ്റ്റ് ഗൂലാം മുഹമ്മദ് രാജബാലി പാക്കിസ്ഥാനിൽ പഠനത്തിന്നായിപോയി. അവർ അവനിൽ നിന്നും ഏറ്റവും നല്ല പ്രതിഫലങ്ങൾ പ്രതീക്ഷിച്ചു. എന്നാൽ അത്ഭുതമെന്നു പറയട്ടെ, അതുണ്ടായില്ല. പകരം ഈ പുത്രൻ മാതാപിതാക്കൾക്കും അഹ്മദിയ്യാ സമുദായത്തിനും നാണക്കേട് ഉണ്ടാകുകയാണ് ചെയ്തത്.

ഫാർമസിസ്റ്റായി ജോലിചെയ്യുന്ന ഗൂലാം മുഹമ്മദ് രാജബാലിയുടെ ലൈസൻസ് രണ്ടു പ്രാവശ്യം ദുർബലപ്പെടുത്തുകയും, ഫാർമസി നടത്തിക്കൊണ്ടു പോകുവാൻ കഴിയാതെയും വന്നിരിക്കുകയാണ്. അദ്ദേഹത്തിന് രണ്ടു ഫാർമസികൾ ഉണ്ടായിരുന്നു ഒന്ന് **റോസ്ഹില്ലിലും, മറ്റൊന്ന് കാസ്റ്റലിലും.** ഈ ഫാർമസികൾ നടത്തുന്നതിന് അദ്ദേഹത്തിന്റെ സഹോദരിമാർ അദ്ദേഹത്തെ സഹായിച്ചിരുന്നു. അഹ്മദികൾ മരുന്നു വാങ്ങുവാൻ അവിടെ പോകൽ പതിവായിരുന്നു. കാരണം അദ്ദേഹം തങ്ങളുടെ അഹ്മദീ സഹോദരനാണല്ലോ എന്ന പരിഗണനയിൽ ജമാഅത്തിലെ മിഷണറിമാർ അസുഖം ബാധിക്കുമ്പോൾ മരുന്നുവാങ്ങാനായി ഈ ഫാർമസികളിൽ പോവുക പതിവായിരുന്നു. മുനീർ അഹ്മദ് അസീം (അയ്യദഹുല്ലാഹു തആല ബി നസ്രിഹിൽ അസീസ്) ജമാഅത്ത് അഹ്മദിയ്യായിലെ പൂർണ്ണ സമയ മിഷണറി എന്ന നിലയിൽ ആ സമയത്ത്, രാജ്യത്ത് നിന്ന് പുറത്തുപോകുമ്പോൾ, ഒരു മുൻകരുതൽ എന്ന നിലയിൽ (ഉദാഹരണത്തിന്, ശരീരവേദനയ്ക്ക്, പനിക്ക്, ശാരീരികാസ്വാസ്ത്യങ്ങൾക്ക്. തുടങ്ങിയവയാണ്) മരുന്നു വാങ്ങാനായി ഈ ഫാർമസിയിൽ പോകുമായിരുന്നു. ജമാ അത്തിന്റെ പണം കൂടുതൽ ചെലവാക്കാതിരിക്കുവാൻ വേണ്ടിയാണ് ഇപ്രകാരം ചെയ്തിരുന്നത്. മറ്റു രാജ്യങ്ങളിൽ ഈ മരുന്നുകൾക്ക് വില വളരെ കൂടുതലായിരുന്നു.

ഈ ഫാർമസിസ്റ്റ് അല്ലാഹുവിന്റെ ദാസന്റെ ശത്രുവാണെന്ന് പിന്നീട് തെളിയിക്കുകയുണ്ടായി. ദൈവീക വെളിപാടുകൾ ലഭിക്കുന്ന ഹസ്രത് ഖലീഫത്തുല്ലാഹ് മുനീർ അഹ്മദ് അസീം (അ) ന്റെ ശത്രു.

ജമാഅത്ത് അഹ്മദിയ്യായിലെ ഒരു മിഷണറി എന്ന നിലയിൽ ഹസ്രത് മുനീർ അഹ്മദ് അസീം (അ) പല ദ്വീപുകളിലും പോവുകയും അല്ലാഹുവിന്റെ ഏകത്വത്തെകുറിച്ചും വാഗ്ദത്ത മസീഹ് (അ) ന്റെ വരവിനെ പറ്റിയും ജനങ്ങൾക്ക് ബോധനം നല്കുകയും ചെയ്തപ്പോൾ, അഹ്മദികളുടെ കണ്ണുകളിൽ, അദ്ദേഹം കഠിനാധ്വാനി ആയിരുന്നു. നല്ലവനായിരുന്നു., സത്യവാനായിരുന്നു., ബഹുമാന്യ മനുഷ്യനായിരുന്നു. മറ്റുള്ളവർക്ക് ആശ്വാസം നല്കുന്നവനായിരുന്നു, നല്ലവാക്കു പറയുന്നവനായിരുന്നു. എല്ലാ നിലയിലും നല്ലവനായിരുന്നു. എന്നാൽ, ചില സമയങ്ങളിൽ അദ്ദേഹം ശക്തമായ വേദനയാൽ വിഷമിച്ചിരുന്നു, തലവേദനമൂലവും, ശാരീരികാസ്വസ്ത്യം മൂലവും, തലകറക്കം മൂലവും, ഹൃദയമിടിപ്പിന്റെ പേരിലും മറ്റുമായിരുന്നു ഈ വിഷമാവസ്ഥ. ഈ അസ്വാസ്ത്യങ്ങൾക്കായി കുറിച്ചു കൊടുത്തിട്ടുള്ള മരുന്നുകൾ ഈ ഫാർമസിയിൽ നിന്നും വാങ്ങിയിരുന്നു.

എന്നാൽ 2001 ൽ, മൗറിഷ്യസിലെ അപ്പോഴത്തെ അമീറിന്റെ തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പരേതനായ ഖലീഫത്തുൽ മസീഹ് നാലാമൻ, അദ്ദേഹത്തിന്റെ മേൽനടപടി സ്വീകരിക്കുവാൻ, ഇദ്ദേഹത്തിന്റെ റിപ്പോർട്ടിനെയാണ് ആശ്രയിച്ചത്. ഈ മുൻ അമീറിന്റെ **കസിൻ** ആണ് ഈ ഫാർമസിസ്റ്റ് ഗുലാം രാജബാലി. ദൈവീക വെളിപാടുകൾ ലഭിക്കുന്ന ആളിനെ നിന്ദിക്കുവാൻ ഈ അമീറിനോടൊപ്പം ഈ ഗുലാം രാജബാലിയും ചേരുകയുണ്ടായി.

2000 മാർച്ച് 8-ാം തീയതി മുതൽ ഹസ്റത് സാഹിബ്ന് അല്ലാഹുവിൽ നിന്നുള്ള വെളിപാടുകൾ ലഭിച്ചു തുടങ്ങി. ആരുടെ കയ്യിലാണോ അദ്ദേഹത്തിന്റെ ജീവിതവും, ബഹുമതിയും, ആഹാരവും, മരണവും ഉള്ളത് അവനെ കൊണ്ട് സത്യം! ഹൃദയമിടിപ്പ് വേഗത്തിലാകുന്നതും, ശക്തമായവിയർപ്പുണ്ടാകുന്നതും, ദൈവീക വെളിപാടുകൾ, സ്വീകരിക്കുമ്പോഴുള്ള അവസ്ഥാ വിശേഷമാണെന്ന് ആ സമയത്ത് അദ്ദേഹത്തിനറിയില്ലായിരുന്നു. അതുകൊണ്ട് അദ്ദേഹം ഫാർമസിസ്റ്റിനെ കാണാൻ പോവുകയും, അനുയോജ്യമായ മരുന്ന് വാങ്ങുകയും ഈ അസുഖം മാറുന്നതിന് മരുന്നു കഴിക്കുകയും ചെയ്തിരുന്നു.

ആ കാലയളവിലെ അമീറുമായി ചേർന്ന് ഹസ്രത് സാഹിബിനെതിരിൽ , അദ്ദേഹം മയക്കുമരുന്ന് ഉപയോഗിക്കുന്ന വനാണെന്നും, രോഗിയാണെന്നും, ഭ്രാന്തനാണെന്നും മറ്റും മറ്റുമുള്ള കള്ളങ്ങൾ പറഞ്ഞു പരത്തുകയുണ്ടായി. തെറ്റായ മരുന്നു കുറിപ്പുകൾ ഉണ്ടാക്കുകയും, എന്നിട്ട് അതിന്റെ ഫോട്ടോ കോപ്പികൾ എടുത്ത്, മറ്റു അഹ്മദികൾക്കിടയിൽ പ്രചരിപ്പിക്കുവാനും അയാൾ മടിച്ചില്ല. മാത്രമല്ല ഹസ്രത് സാഹിബ് **റിവോത്രിൽ** (ശക്തമായ ഒരു മയക്കുമരുന്ന്) ഉം മറ്റു ലഹരി മരുന്നുകളും ഉപയോഗിക്കുന്ന ആളാണെന്നു പറയുവാനും അയാൾ ധൈര്യപ്പെട്ടു.

പരേതനായ ഖലീഫത്തുൽ മസീഹ് നാലാമൻ മർസാ താഹിർ അഹ്മദിന്റെ അടുത്ത് ഈ റിപ്പോർട്ട് എത്തുകയും, ഹസ്രത് സാഹിബിന്റെ ഭാഗം കേൾക്കുന്നതിന് മുമ്പേ, അദ്ദേഹം പറഞ്ഞു, മുനീർ അഹ്മദ് അസീംന് ലഭിക്കുന്നത് (അല്ലാഹുകാക്കട്ടെ) സാത്താന്റെ വെളിപാടുകളാണ് എന്ന്. എന്തൊരു വിധിയാണിത്. അങ്ങനെ, ഖലീഫ നാലാമൻ, ഇത്തരത്തിലുള്ള വെളിപാടുകളിൽ ആരും വിശ്വസിക്കരുതെന്ന് പരസ്യപ്പെടുത്തുവാൻ തന്റെ മൗറിഷ്യസ് അമീറിനു നിർദ്ദേശം നല്കുകയുണ്ടായി. കാരണം (ഹസ്രത് സാഹിബ്) ആ മനുഷ്യൻ മയക്കുമരുന്നിന്റെ അടിമയാണ് (തെളിയിക്കപ്പെട്ടിരിക്കുന്നു., ഫാർമസിസിറ്റ് ഗൂലാം മുഹമ്മദ് രാജാബാലീ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.) ഈ അധമനായ അമീറും അയാളുടെ ബന്ധുവും ചേർന്ന് പ്രചരിപ്പിച്ച മുഴുവൻ കള്ളവും അവരെല്ലാവരും വിശ്വസിച്ചു. ഈ മരുന്ന് ഉപയോഗിക്കുന്നവർ ഒരുപാട് അസംബന്ധങ്ങൾ പുലമ്പുന്നതാണെന്ന് അവരെല്ലാവരും വിശ്വസിച്ചു. ഇന്ന ഇന്ന ആളുകളെയൊക്കെ ഞങ്ങൾ കാണുന്നുണ്ട് എന്നവർ വിളിച്ചു പറയും. മരിച്ചുപോയ പ്രവാചകന്മാരെ വരെ അവർ കാണുന്നു എന്നു പറയും. ഹസ്രത് സാഹിബിന് എന്തോ കുഴപ്പം പിണഞ്ഞിരിക്കുകയാണ്, അതുകൊണ്ടാണ് അദ്ദേഹത്തിന് വെളിപാട് ലഭിക്കുന്നു എന്നു പറയുന്നത്. അങ്ങനെ അവർ ആ വിഷയത്തിന് തിരശ്ശീലയിട്ടു.

ഈ കള്ള പ്രചാരണങ്ങളിൽ ഹസ്റത്ത് മുനീർ അഹ്മദ് (അ) അഗാധമായി ദുഖിതനായി, ഹസ്രത് സാഹിബിന്റെ വ്യക്തിത്വത്തിനേറ്റ വലിയ മുറിവായി. പ്രത്യേകിച്ച് 4-ാം ഖിലിഫ മിർസാ താഹിർ അഹ്മദിന്റെ മുമ്പാകെ. അങ്ങനെ 2001 ജനുവരി 1-ാം തീയതി, പുതുവർഷപുലരിയിൽ, അദ്ദേഹത്തെ നിസാമെ ജമാഅത്തിൽ നിന്നും പുറത്താക്കി. അനേകം അഹ്മദീ സഹോദരന്മാർ ഹസ്രത് സഹിബിന്റെ സ്ഥലത്ത് വരികയും അദ്ദേഹത്തെ ചോദ്യം ചെയ്യുകയുമുണ്ടായി. മയക്കുമരുന്നടിച്ച് വെളിപാടുകൾ ഇറക്കുകയാണോ നീ എന്നു പറഞ്ഞു ആക്ഷേപിക്കുകയുമുണ്ടായി. ആ സന്ദർഭത്തിൽ അദ്ദേഹത്തിന് ലഭിച്ചുകൊണ്ടിരുന്ന ദൈവീക വെളിപാടുകൾ സംബന്ധിച്ച് ഹസ്രത് സാഹിബിന്നെതിരിൽ ഖലീഫത്തുൽ മസീഹ് നാലാമൻ തിരിയുവാനുണ്ടായ കാരണങ്ങളിൽ ഒന്ന് ഇതായിരുന്നു.

ശരിയായ തെളിവുകൾ ഹാജരാക്കാതെ **ബ്രൗൺസീക്വാഡ്** മാനസികാശുപത്രിയിൽ ഹസ്രത് സാഹി

ബിന്റെ ഒരു ഫയൽ കണ്ടതായി മറ്റൊരു പുരുഷ നഴ്സ് തെറ്റായി സാക്ഷ്യപ്പെടുത്തുകയുണ്ടായി. അഹ്മദി മുസ്‌ലിംകളുടെ മനസ്സുകളിൽ, ഇത് വീണ്ടും കൂടുതൽ കുഴപ്പം സൃഷ്ടിക്കുവാൻ ഇടയായി. ഹസ്രത് സാഹിബിനെതിരിലുള്ള മറ്റൊരു കള്ള പ്രചരണ കെട്ടുകഥ ആയിരുന്നു അത്. ഹസ്രത് സാഹിബിന് യാതൊരു മാനസിക പ്രശ്നങ്ങളും ഉണ്ടായിട്ടില്ല. **ബ്രൗൺസീക്വാഡ്** ഹോസ്പിറ്റലിൽ പോയിട്ടേ ഇല്ല, അദ്ദേഹം അവിടെ ചികിത്സകനായിട്ടോ, ചികിത്സയിൽ കഴിയുന്ന ആരെ എങ്കിലും സന്ദർശിക്കുവാനോ അവിടെ പോയിട്ടില്ല. കൂടുതൽ സമയവും അദ്ദേഹം റീയൂണിയൻ, റോഡ്റിഗസ്, മയോട്ടീ, സെചില്ലിസ് ദ്വീപുകളിലാണ് ചെലവഴിച്ചിരുന്നത്. നഷ്ടപ്പെട്ട ആത്മാക്കളെ തിരികെ യാഥാർത്ഥ ഇസ്‌ലാമിന്റെ പാതയിലേക്കു കൊണ്ടു വരുന്നതിനുള്ള ശ്രമത്തിലായിരുന്നു. അദ്ദേഹത്തിനു ഈ പറയപ്പെട്ട കാര്യങ്ങളിൽ എന്തെങ്കിലും സത്യമുണ്ടെങ്കിൽ ഈ ജോലി പൂർത്തിയാക്കുന്നതിന് ഒരു ഭ്രാന്തനെ എങ്ങനെയാണ് അഹ്മദിയ്യാ ഭരണ കൂടം നിയമിക്കുന്നത്. തന്റെ **ദഅ്‌വ** പ്രവർത്തനങ്ങളിൽ എങ്ങനെയാണ് ഇങ്ങനെയൊരാൾക്ക് വിജയിക്കുവാൻ കഴിയുന്നത്. ഭ്രാന്തനായ ഹസ്രത് സാഹിബ് ഇസ്‌ലാമിൽ നിന്ന് ജനങ്ങളെ പിന്തിരിപ്പിക്കുവാൻ ശ്രമിക്കുമെന്ന് ഭയപ്പെടേണ്ടതല്ലേ?

അവർ സുസംഘടിതമായി ഈ മ്ളേച്ഛ പദ്ധതി ആസൂത്രണം ചെയ്യുകയും ജമാഅത്തിന്റെ എല്ലാ ശാഖകളിലും ഇത് നടപ്പിലാക്കുകയും ചെയ്തു. അദ്ദേഹത്തിന് ഈ സമയത്ത് ലഭിച്ചു കൊണ്ടിരുന്ന വെളിപാടുകൾ, അഹ്മദികൾക്ക് ബോധ്യപ്പെടാതിരിക്കുന്നതിനും, അദ്ദേഹത്തെ ശ്രദ്ധിക്കുകയോ അദ്ദേഹത്തെ പിന്തുടരുകയോ ചെയ്യുവാൻ പാടില്ല എന്നതായിരുന്നു ഈ പ്രതിലോമശക്തികളുടെ ഉദ്ദേശം. അവരിൽ ആരെങ്കിലും അപ്രകാരം ചെയ്താൽ നിസാമെ ജമാഅത്തിൽ നിന്നും ഹസ്രത് സാഹിബിനെ പുറത്താക്കിയതുപോലെ, അവരെയും പുറത്താക്കുന്നതാണ്. എന്നാൽ, എല്ലാത്തിനെയും അതിജയിക്കുന്ന അല്ലാഹു, തന്റെ തെരഞ്ഞെടുത്ത ദൂതനെ അപമാനിക്കുവാൻ ശ്രമിച്ചവരെ, അപമാനിക്കുന്നതിൽ താമസം വരുത്തിയില്ല.

ഖലീഫത്തുല്ലായുടെ മേൽ കള്ളംകെട്ടിച്ചമച്ച് ആക്ഷേപിക്കുവാൻ ശ്രമിച്ചവരെ, അതേനാണയത്തിൽ അല്ലാഹു അപമാനിതരാക്കിയിരിക്കുകയാണ്. ജമാഅത്തിനും ഇസ്‌ലാമിനും വേണ്ടി അർപ്പണം ചെയ്തിരിക്കുന്നു എന്നു കരുതിയ അവരുടെ തന്നെ സന്താനങ്ങൾ, മയക്കുമരുന്നിന്റെ അടിമകളായിരിക്കുന്നു. വളരെ വലിയ മദ്യപാനികളായിരിക്കുന്നു, മാത്രമല്ല ഒരു ഒരുചുവടുകൂടി മുന്നോട്ട് പോയി അശ്ലീല സാഹിത്യ വ്യാപാരികളായിരിക്കുന്നു.

മാത്രമല്ല, അഹ്മദി ഫാർമസിസ്റ്റായ ഗൂലാം മുഹമ്മദ് രാജബാലിയുടെ വാർത്ത ഖലീഫത്തുല്ലായ്ക്ക് എതിരിൽ നല്കിയ സാക്ഷിപത്രത്തെ സംബന്ധിച്ചുള്ള വാർത്ത, ലോകമെങ്ങും വ്യപിച്ചു. എന്നാൽ, എല്ലാത്തിനെയും അതിജയിക്കുന്നവനായ അല്ലാഹുവിന്നറിയാം തന്റെ തെരഞ്ഞെടുത്ത സേവകന്റെ, ശത്രുക്കളെ എപ്പോഴാണ്, എങ്ങനെയാണ് പിടിക്കേണ്ടതെന്ന്. 2010 ജനുവരി 07-ാം തീയതി, കള്ളക്കളിനടത്തുന്ന, രാജബാലിയുടെ ഫാർമസി, പരിശോധനയ്ക്ക് വിധേയമാകുകയും, ഇതിനെതുടർന്ന് ഗുലാം രാജബാലിയുടെ പേര് ഫാർമസിസ്റ്റുകളുടെ രജിസ്റ്ററിൽ നിന്ന് നീക്കം ചെയ്യുകയുമുണ്ടായി. ഈ കാലഘട്ടത്തിലെ ഖലീഫത്തുല്ലായുടെ ജനനമാസവും ജനനതീയതിയുമാണ് ജനുവരി 07 ഇതൊരു യാദൃച്ഛികത്വമാണോ, അതോ അല്ലാഹുവിൽ നിന്നുള്ള ഒരു ദൃഷ്ടാന്തമാണോ?

സസൂക്ഷ്മം ഇതിനെകുറിച്ച് ചിന്തിക്കുക, മുകളിൽ പറയപ്പെട്ട തീയതിയിൽ, ഫാർമസി ബോർഡിൽ നിന്നുള്ള പരിശോധകർ മാത്രമല്ല മയക്കുമരുന്നിനെതിരായും കള്ളക്കടത്തിന്നതിരായുമുള്ള അന്വേഷണ സംഘവും, കാസ്റ്റലിലുള്ള അദ്ദേഹത്തിന്റെ ഫാർമസിയിൽ, മിന്നൽ പരിശോധനയാണ് നടത്തിയത്. അയാളുടെ സ്റ്റോർ മുറിയിൽ മയക്കുമരുന്നുകൾ കണ്ടെത്തി. അയാൾ കുറ്റകൃത്യത്തിലേർപ്പെട്ടുകൊണ്ടിരിക്കുമ്പോൾ തന്നെ പിടികൂടി. അതിനെ തുടർന്ന് അയാളുടെ ലൈസൻസ് റദ്ദാക്കി. അതു നടത്തിക്കൊണ്ടുപോ

കുവാനുള്ള അധികാരം അയാൾക്കില്ലായിരുന്നു. **ജമാഅത്ത് അഹ്മദിച്ചായ്ക്ക് ഇതൊരപമാനമായിരുന്നില്ലേ ? അയാളുടെ കുടുംബാംഗങ്ങൾക്ക് ഇതൊരപമാന മായിരുന്നില്ലേ ?** അയാളുടെ കസിൻ ആയ മൗറിഷ്യസിലെ മുൻ അമീർ, അയാളുടെ അധികാരത്തെയും അയാൾ ജമാഅത്തിന്നകത്തു ചെയ്ത വഞ്ചനയുടെയും ഫലമായി, **അയാളെ വേരോടെ പിഴുതു മാറ്റിയില്ലേ ?** അല്ലാഹുവിന്റെ ദൂതനെ അപമാനിച്ചവരെ അല്ലാഹു എങ്ങനെയാണ് അപമാനിച്ചിരിക്കുന്നതെന്നു നോക്കുക. ഇതാണ് അല്ലാഹുവിന്റെ നടപടിക്രമം.

വിനീത വ്യക്തിയായ അല്ലാഹുവിന്റെ ദൂതന്റെ മേൽ കള്ളം ആരോപിക്കുകയും, ആക്ഷേപത്തിന് പാത്രമാക്കുകയും ചെയ്തതിനു പ്രതികാരമായി പത്തു വർഷങ്ങൾക്കു ശേഷം അല്ലാഹു (ത) ആ ഫാർമ സിസ്റ്റിനെ പിടിച്ചു. വളരെയധികം കള്ളങ്ങൾ പറയുകയും, തെറ്റായ രേഖകളും മരുന്ന് കുറിപ്പുകളും ഹാജരാക്കുകയും ചെയ്ത രാജബാലി നിന്റെ അവസ്ഥ ഇന്ന് എന്താണ്? അല്ലാഹുവിന്റെ ദൂതൻ പറയുന്ന കാര്യങ്ങൾ സത്യമാണെന്ന് വരുത്തിത്തീർക്കുവാനായി അങ്ങനെ അല്ലാഹു (ത) ആ മനുഷ്യനെ അതേ നില യിൽ പിടിച്ചു. ഹസ്രത് സാഹിബിന്റെ മേൽ എന്ത് ആക്ഷേപങ്ങൾ അവൻ വരുത്തി തീർക്കുവാൻ ശ്രമി ച്ചുവോ, അതേ ആക്ഷേപങ്ങൾ അവന്റെ മേൽ പതിച്ചു. നിയമവിരുദ്ധമായി മയക്കുമരുന്നുകൾ വിറ്റതിന് അവനെ തന്നെ പിടിച്ചു. ഇതേ കാരണത്താൽ അയാളുടെ ലൈസൻസ് റദ്ദാക്കി. ഈ നൂറ്റാണ്ടിലെ അല്ലാ ഹുവിന്റെ ദൂതന്റെ ശത്രുഗണത്തിലേക്കുയർന്നതിന് അയാൾ സ്വയം ആക്ഷേപ പാത്രത്തിനിരയാവുക യായിരുന്നു.

മൗറിഷ്യസിലെ ദിനപത്രമായ L. Express ൽ ഒരു വാർത്ത കൂടി ഈയിടെ വരികയുണ്ടായി . അങ്ങനെ ജനങ്ങൾക്കിടയിൽ പരസ്യമായ ആക്ഷേപത്തിനും, ഇയാൾ പാത്രമാവുകയുണ്ടായി (2014 ഫെബ്രുവരി 15, ശനിയാഴ്ച ) അതിൽ അയാളുടെ ലൈസൻസ് ദുർബലപ്പെടുത്തിയതിന്റെ ചരിത്രം വിശ ദമായി പ്രതിപാദിച്ചിട്ടുണ്ട്.

**<u>ലൈസൻസ് റദ്ദാക്കപ്പെട്ട ഫാർമസിസ്റ്റ് സ്വയം പ്രതിരോധത്തിൽ</u>**

ഫാർമസിസ്റ്റുകളുടെ രജിസ്റ്ററിൽ നിന്നും നിരോധനം ഏറ്റുവാങ്ങിയ കാസ്റ്റൽ ഫാർമസി മാനേജർ ഗൂലാം മുഹമ്മദ് രാജബാലിക്ക്, ഫാർമസി ബോർഡിന്റെ ഈ തീരുമാനത്തെ പ്രതിരോധിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്. സുപ്രീംകോടതി ഇന്നലെ ഈ നിർദ്ദേശം നല്കുകയുണ്ടായി. അയാ ളുടെ സത്യവാങ്മൂലത്തിൽ പരാതിക്കാരൻ പറയുന്നു. 2010 ജനുവരി 07 ന് ഫാർമസിബോർഡിന്റെ ഇൻസ്പെക്ടർമാരും, മയക്കുമരുന്ന്, കള്ളക്കടത്തു വിരുദ്ധ യൂണിറ്റും സംയുക്തമായി, കാസ്റ്റൽ ഫാർമസി, പരിശോധിക്കുകയും എന്നിട്ട് അവർ പുറപ്പെടുവിച്ച ഉത്തരവിനെ തുടർന്ന് ഫാർമസിസ്റ്റിനെ സസ്പെന്റ് ചെയ്യുകയും അയാളുടെ ലൈസൻസ് റദ്ദാക്കുകയുമുണ്ടായി.

2011 ഏപ്രിൽ 12-ാം തീയതിലെ ഫാർമസിബോർഡിന്റെ അറിയിപ്പു പ്രകാരം അയാളുടെ സസ്പെൻഷൻ നീക്കം ചെയ്യുകയും അയാൾക്ക് അയാളുടെ ലൈസൻസ് വീണ്ടും ലഭിക്കുകയുമുണ്ടായി. അതിനെതുടർന്ന് അയാൾ ജോലിയിൽ പ്രവേശിച്ചു. ഇതേസമയം മറ്റൊരു കോടതിയിൽ അയാളുടെ ഒരു കേസ് നടക്കുകയായിരുന്നു. അതായത് മരുന്നുകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സുരക്ഷിത നടപടികൾ സ്വീകരിച്ചില്ല എന്നതായിരുന്നു കേസ്. അങ്ങനെ അയാൾ കുറ്റം സമ്മതിക്കുകയും അതേതു ടർന്ന് 20000/- രൂപ പിഴ ശിക്ഷയായി വിധിയ്ക്കുകയും ചെയ്തു.

2012 ഏപ്രിൽ 27-ാം തീയതി ഗൂലാം മുഹമ്മദ് രാജബാലിക്ക് ഫാർമസി ബോർഡിൽ നിന്നും മറ്റൊരു അറിയിപ്പു ലഭിക്കുകയുണ്ടായി. ഫാർമസിസ്റ്റുകളുടെ രജിസ്റ്ററിൽ നിന്നും അയാളുടെ പേരു നീക്കം ചെയ്ത തായും ലൈസൻസ് ക്യാൻസൽ ചെയ്തതായുമുള്ള അറിപ്പായിരുന്നു അത്. അങ്ങനെയാണ് സുപ്രീംകോട തിയിൽ നീതി തേടി വീണ്ടും പോകുവാൻ തീരുമാനിച്ചത്. വാഷിഷ് ബൂഗൂ എന്ന അഡ്വക്കേറ്റിന്റെ നിയമ സഹായം ഇക്കാര്യത്തിൽ തേടിയിരിക്കുകയാണ്.

(L Express Samedi-February 15,2014)

വാഗ്ദത്തമസീഹ് (അ) ന്റെ ജമാഅത്തിന് നാണക്കേടുണ്ടാക്കിയ ഈ വ്യക്തിക്കെതിരെ ബഹിഷ്കരണം ഇല്ലേ ? ജമാഅത്തിനകത്ത് ഇപ്പോഴും ഇയാൾ ഒരു നല്ല കുട്ടിയായി തുടരുകയാണോ ? ഒരിക്കലും ഒരു നടപടിയും നിങ്ങൾ ഇയാൾക്കെതിരിൽ എടുക്കില്ല. ജമാഅത്തിന്റെ ഭരണകർത്താക്കൾ ശരിയായ നടപടികൾ എടുത്തില്ലെങ്കിലും, അല്ലാഹു (ത) അയാളെ ആക്ഷേപിച്ചിരിക്കുകയാണ്. ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫയായാ ഹസ്രത് മുനീർ അഹ്മദ് അസീം (അ) ന്റെ മേൽ അയാൾ ചാർത്തിയ എല്ലാ നാണക്കേടുകളും കുറ്റാരോപണങ്ങളും അയാളിലേക്ക് തന്നെ അല്ലാഹു ചാർത്തികൊടുത്തിരിക്കുകയാണ്.

ഈ, കേസ്പോലെ, അല്ലാഹുവിന്റെ ദൂതനെ ആക്ഷേപിച്ച മറ്റാളുകളും അഹ്മദിയ്യാ ജമാ അത്തിലുണ്ട്. അവരേയും അല്ലാഹു (ത) എപ്രകാരം അല്ലാഹുവിന്റെ ദൂതനെ ആക്ഷേപിച്ചുവോ അതേപ്രകാരം അവരെയും ആക്ഷേപ പാത്രങ്ങളാക്കിയിട്ടുണ്ട്, ആക്ഷേപപാത്രങ്ങളാക്കുന്നതാണ്. നിശ്ചയമായും അല്ലാഹു നീതിമാനാകുന്നു. എപ്രകാരം ഈ ആളുകൾ അവന്റെ ദൂതനെ ആക്ഷേപിക്കുമോ അതേ പ്രകാരം അവൻ അവരുടെമേൽ പ്രതികാരം ചെയ്യുന്നതാണ്. നിശ്ചയമായും ദൈവീക പ്രതികാരം മനുഷ്യ പ്രതികാരത്തേക്കാൾ ദുഖമുളവാക്കുന്നതുതന്നെ ആയിരിക്കും.

സർവ്വ ലോക രക്ഷിതാവായ അല്ലാഹുവിനു മാത്രമാണ് സർവ്വസതുതിയും.

**ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം ഇന്റർനാഷണൽ**
**ഫെബ്രുവരി 25, 2014**

Translated & Issued By
***R. Jamaludin Raother***
***Amir***

*Jamaat-Ul-Sahih-Al-Islam, Kerala*
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*
*email : muhyiuddin@jamaat-ul-sahih-al-islam.com*